**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4457** **06-03-2023 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബി. പെൻഷൻ ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ഇ.ബി. പെൻഷൻകാരുടെയും ജീവനക്കാരുടെയും ഭാവി പെൻഷൻ ബാധ്യതകൾ നിറവേറ്റുന്നതിന് വേണ്ടി രൂപീകരിച്ച കെ.എസ്.ഇ.ബി. ലിമിറ്റഡ് എംപ്ലോയീസ് മാസ്റ്റർ പെൻഷൻ ആന്റ് ഗ്രാറ്റുവിറ്റി ട്രസ്റ്റിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും നിലവിലെ പ്രവർത്തനങ്ങളും സംബന്ധിച്ച വിവരങ്ങൾ നൽകാമോ; | (എ) | കെ.എസ്.ഇ.ബോർഡിൽ നിലവിലുണ്ടായിരുന്ന പെൻഷൻകാരുടെയും, സ്റ്റാറ്റ്യൂട്ടറി പെൻഷന് അർഹതയുള്ള ജീവനക്കാരുടെയും പെൻഷനും അനുബന്ധ ആനുകൂല്യങ്ങളും ഉറപ്പുവരുത്തുന്ന-തിനായാണ് സർക്കാരും ബോർഡും ബോർഡിലെ ജീവനക്കാരുടെയും ഓഫീസർമാരുടെയും സംഘടനകളും തമ്മിൽ ഒപ്പിട്ട ത്രികക്ഷി കരാർപ്രകാരം കെ.എസ്.ഇ.ബി.ലിമിറ്റഡ് എംപ്ലോയീസ് മാസ്റ്റർ പെൻഷൻ ആന്റ് ഗ്രാറ്റുവിറ്റി ട്രസ്റ്റ് രൂപീകരിച്ചത്. അതനുസരിച്ച് 01.04.2017 മുതൽ ഈ ട്രസ്റ്റ് വഴിയാണ് പെൻഷനും മറ്റ് അനുബന്ധ ആനുകൂല്യങ്ങളും നല്കിവരുന്നത്. |
| (ബി) | സംസ്ഥാന സർക്കാരും കെ.എസ്.ഇ.ബി. ലിമിറ്റഡും ജീവനക്കാരുടെ സംഘടനകളും തമ്മിൽ ഏർപ്പെട്ടിട്ടുള്ള തൃകക്ഷി കരാർ പ്രകാരമുള്ള പെൻഷൻ ഫണ്ട് പ്രസ്തുത ട്രസ്റ്റിൽ നിക്ഷേപിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ; പെൻഷൻ ഫണ്ട് എന്നത്തേക്ക് നിക്ഷേപിക്കുമെന്ന് അറിയിക്കാമോ; | (ബി) | കെ.എസ്.ഇ.ബി, 31.10.2013-ൽ കമ്പനിയായ സന്ദർഭത്തിൽ ആക്ച്യൂറിയൽ വാല്യുവേഷൻ വഴി പെൻഷൻ ബാദ്ധ്യതയായി കണക്കാക്കിയത് 12419 കോടി രൂപയാണ്. ഈ തുകയ്ക്കുള്ള ഫണ്ടിംഗ് അറേഞ്ച്മെന്റും നടപ്പിലാക്കിയിട്ടുണ്ട്. ഇതിനായി 20 വർഷക്കാലയളവിലേക്കുള്ള 8144 കോടി രൂപ മുഖവിലയുള്ള ബോണ്ടും പത്ത് വർഷക്കാലയളവി-ലേക്കുള്ള 3751 കോടി രൂപ മുഖവിലയുള്ള ബോണ്ടും കെ.എസ്.ഇ.ബി.ലിമിറ്റഡ് മാസ്റ്റർ ട്രസ്റ്റിന് നല്കിയിട്ടുണ്ട്. ഇതിൽ സർക്കാർ വിഹിതമായ 34.6% തുക പലിശസഹിതം അടുത്ത പത്തു വർഷം പ്രതിവർഷം 586.10 കോടി രൂപ വീതം ഇലക്ട്രിസിറ്റി ഡ്യൂട്ടിയിനത്തിൽ പിരിച്ചെടുക്കുന്നത് കെ.എസ്.ഇ. ബോർഡിൽ തന്നെ നിലനിർത്തി മാസ്റ്റർ ട്രസ്റ്റിനു വേണ്ടി ഉപയോഗിക്കാനുള്ള അനുമതി സർക്കാർ നല്കിയിട്ടുണ്ട്.<br><br>ബോർഡിന് അംഗീകരിച്ചു കിട്ടുന്ന റവന്യൂ ഗ്യാപ്പ് താരിഫിലേയ്ക്ക് പ്രതിഫലിക്കുന്നതിന് വരുന്ന കാലതാമസം കാരണമുണ്ടാകുന്ന പ്രതികൂല സാമ്പത്തിക സാഹചര്യങ്ങൾ മൂലവും ബോർഡിന്റെ |

| | | | |
|---|---|---|---|
| | | | സാമ്പത്തിക സ്ഥിതിയുടെ പരിമിതി മൂലവും മാസ്റ്റർ ട്രസ്റ്റിലേക്കു നൽകേണ്ടുന്ന മുഴുവൻ തുകകളും ആദ്യവർഷങ്ങളിൽ നൽകാൻ കഴിഞ്ഞിരുന്നില്ല. മാത്രമല്ല അധിക പലിശയ്ക്ക് കടമെടുത്ത് മാസ്റ്റർ ട്രസ്റ്റിൽ നിക്ഷേപിക്കുന്നത് വൈദ്യുതി ബോർഡിന് കൂടുതൽ സാമ്പത്തിക ബാധ്യത വരുത്താനേ ഇടവരുത്തുകയുള്ളൂ. എന്നാൽ നിലവിൽ ബോണ്ടുകളുടെ മുതലും പലിശയുമായി നൽകേണ്ടതായ തുകകൾ മുഴുവനും ട്രസ്റ്റിനു നൽകിയിട്ടുണ്ട്. ആക്ച്ചൂറിയൽ വാല്യുവേഷൻ വഴി കണ്ടെത്തിയ അധികബാധ്യതയ്ക്കുള്ള ഫണ്ടിംഗ് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു |
| (സി) | പെൻഷൻ ഫണ്ടിലേക്കുള്ള സർക്കാർ വിഹിതം ലഭിക്കാത്ത സ്ഥിതി വിശേഷം മറികടക്കുന്നതിനായി പന്ത്രണ്ടായിരം കോടി രൂപയുടെ കടപ്പത്രം പുറപ്പെടുവിക്കുവാനുള്ള അനുമതി നൽകണമെന്നും 2023 ഒക്ടോബർ 31 വരെയുള്ള പെൻഷൻ ആവശ്യത്തിന് ഇലക്ട്രിസിറ്റി ഡ്യൂട്ടി ഉപയോഗിക്കാനുള്ള അനുവാദം അടുത്ത പത്തുവർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകണമെന്നും അപേക്ഷിച്ചുകൊണ്ട് കെ.എസ്.ഇ.ബി. ലിമിറ്റഡ് സർക്കാരിനെ സമീപിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇക്കാര്യത്തിൽ സർക്കാർ കൈകൊണ്ടിട്ടുള്ള തീരുമാനങ്ങളും സ്വീകരിച്ചിട്ടുള്ള നടപടികളും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (സി) | ഉണ്ട്. ആക്ച്ചൂറിയൽ വാല്യൂവേഷൻ പ്രകാരം 2021-22 വരെ കണക്കാക്കിയ പെൻഷൻ ബാദ്ധ്യതയിൽ അധികമായി കണ്ടെത്തേണ്ടുന്ന തുകയായ 17237.89 കോടി രൂപയുടെ ബോണ്ട് മാസ്റ്റർ ട്രസ്റ്റിന് നല്കുവാനുള്ള അനുമതിക്കായും ഈ തുകയിൽ സർക്കാർ വിഹിതമായ 6102.21 കോടി രൂപ അനുവദിക്കുകയോ അല്ലെങ്കിൽ ഇലക്ട്രിസിറ്റി ഡ്യൂട്ടിയിനത്തിൽ തട്ടിക്കിഴിക്കുവാനായുള്ള അനുമതിക്കായി കെ.എസ്.ഇ.ബി. സർക്കാരിന് അപേക്ഷ നല്കിയിട്ടുണ്ട്. ഇത് സർക്കാരിന്റെ പരിശോധനയിലാണ്. |
| (ഡി) | ഏകദേശം നാൽപതിനായിരത്തോളം വരുന്ന കെ.എസ്.ഇ.ബി. പെൻഷൻകാരുടെ നിയമപരമായി പരിരക്ഷിക്കപ്പെട്ടിട്ടുള്ള പെൻഷൻ ആനുകൂല്യങ്ങൾ പെൻഷൻ ഫണ്ടിലേക്കുള്ള സർക്കാർ വിഹിതം ലഭിക്കാതെയും കടപ്പത്രങ്ങൾ പുറപ്പെടുവിക്കാതെയും നിർവഹിക്കാൻ കഴിയാത്ത സാഹചര്യമാണോ ഉള്ളതെന്ന് അറിയിക്കാമോ; എങ്കിൽ സർക്കാരും കെ.എസ്.ഇ.ബി. യും ഇക്കാര്യത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന പരിഹാര നടപടികൾ അറിയിക്കാമോ; | (ഡി) | ഉണ്ട്. ആക്ച്ചൂറിയൽ വാല്യൂവേഷൻ പ്രകാരം 2021-22 വരെ കണക്കാക്കിയ പെൻഷൻ ബാദ്ധ്യതയിൽ അധികമായി കണ്ടെത്തേണ്ടുന്ന തുകയായ 17237.89 കോടി രൂപയുടെ ബോണ്ട് മാസ്റ്റർ ട്രസ്റ്റിന് നല്കുവാനുള്ള അനുമതിക്കായും ഈ തുകയിൽ സർക്കാർ വിഹിതമായ 6102.21 കോടി രൂപ അനുവദിക്കുകയോ അല്ലെങ്കിൽ ഇലക്ട്രിസിറ്റി ഡ്യൂട്ടിയിനത്തിൽ തട്ടിക്കിഴിക്കുവാനായുള്ള അനുമതിക്കായി കെ.എസ്.ഇ.ബി. സർക്കാരിന് അപേക്ഷ നല്കിയിട്ടുണ്ട്. ഇത് സർക്കാരിന്റെ പരിശോധനയിലാണ്. |
| (ഇ) | പെൻഷൻ ആവശ്യത്തിനായി ഈടാക്കുന്ന ഇലക്ട്രിസിറ്റി ഡ്യൂട്ടി 2023 നവംബർ 1 മുതൽ സർക്കാരിലേക്ക് അടയ്ക്കണമെന്ന് ബജറ്റിൽ നിർദേശം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഏതെല്ലാം ചട്ടങ്ങൾ പ്രകാരമാണ് പ്രസ്തുത നിർദേശം നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ? | (ഇ) | കേരള ഇലക്ട്രിസിറ്റി ഡ്യൂട്ടി ആക്ട് 1963 പ്രകാരമാണ് ഇലക്ട്രിസിറ്റി ഡ്യൂട്ടി ഈടാക്കുന്നത്. ജീവനക്കാരുടെ terminal liabilities നായി ₹5861 കോടി രൂപ 31.10.2013 തീയതി മുതൽ പ്രാബല്യത്തിൽ പത്തു വർഷം കൊണ്ട് KSEBL ന് നൽകുന്നതിനായിട്ടാണ് 28.01.2015 ലെ G.O(P) 3/2015/PD പ്രകാരം |

| | | | |
|---|---|---|---|
| | | | വിഭാവനം ചെയ്തിരുന്നത്. ഈ പത്തു വർഷ കാലയളവ് പൂർത്തിയാക്കുന്ന മുറയ്ക്കാണ് ഇലക്ട്രിസിറ്റി ഡ്യൂട്ടി 2023, നവംബർ 1 മുതൽ സർക്കാരിലേക്ക് അടയ്ക്കണമെന്ന് 2022-23 സാമ്പത്തിക വർഷ ബഡ്ജറ്റിൽ നിർദേശം നൽകിയിട്ടുള്ളത്. ഇലക്ട്രിസിറ്റി ഡ്യൂട്ടി ആക്ട്, 1963 പ്രകാരമാണ് ഈ നിർദേശം നൽകിയിട്ടുള്ളത് |

സെക്ഷൻ ഓഫീസർ